മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് സഹായധനം

109 [2719] ശ്രീ. എം. എം. ഹസ്സൻ:
,, എം. മുരളി:
,, ഇ. എം. അഗസ്തി:
,, കെ. എം. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യത്തിന് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി–പട്ടിക വർഗ്ഗത്തിൽപ്പെടുന്ന കുട്ടികൾക്ക് നൽകിവരുന്ന വിവിധയിനത്തിൽപ്പെടുന്ന സഹായധനം മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുകൂടി കൊടുക്കുവാൻ നടപടിയെടുക്കുമോ?

ഉത്തരം

പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെടുന്ന കുട്ടികൾക്ക് നൽകിവരുന്ന അതേ നിരക്കിൽതന്നെ നിലവിൽ ലംപ്സം ഗ്രാൻറ്, സ്റ്റൈപ്പൻറ്, പോക്കറ്റ്മണി എന്നീ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ സർക്കാർ/സർക്കാർ എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കും നൽകി വരുന്നുണ്ട്.

മത്സ്യത്തൊഴിലാളികളുടെ ഭവന പദ്ധതി

110 [2720] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിന്റെ തീരദേശത്തൊട്ടാകെ മത്സ്യത്തൊഴിലാളികൾക്കായി എത്ര ഭവനങ്ങൾ നിർമ്മിച്ചു നൽകി; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം കേരളത്തിന്റെ തീരദേശത്തൊട്ടാകെ എത്ര വീടുകൾ നിർമ്മിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ഉത്തരം

(എ) 2001-02 മുതൽ 2004-05 വരെ മൽസ്യത്തൊഴിലാളികൾക്ക് 5,288 വീടുകൾ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ലയുടെ പേര്	2001-02	2002-03	2003-04	2004-05
1	തിരുവനന്തപുരം	420	115	320	312
2	കൊല്ലം	245	50	195	193
3	ആലപ്പുഴ	365	15	285	289
4	എറണാകുളം	200	40	130	161
5	തൃശ്ശൂർ	160	25	75	70
6	മലപ്പുറം	190	95	165	165
7	കണ്ണൂർ	85	30	50	50
8	കോഴിക്കോട്	180	50	145	140
9	കാസർഗോഡ്	105	25	75	73
	ആകെ	1950	445	1440	1453

LIBRARY ARCHIVES Kerala Legislative Assembly